"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി (ജിസിഡിഎ) - പ്രവർത്തി പഠന റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കമ്മിറ്റി രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.780/2025/LSGD  തീയതി,തിരുവനന്തപുരം, 24-03-2025

---

പരാമർശം:-

1. വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 01/08/2019 തീയതിയിലെ 489/ജി.3/2016/ജിസിഡിഎ നമ്പർ കത്ത്
2. 30.07.2021, 05.11.2022, 03.03.2023, 27.05.2024 27.06.2024, 07.09.2024 തീയതികളിലെ ഐ.എ3/108/2019/തസ്വഭവ നമ്പർ സർക്കാർ കത്തുകൾ
3. വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 06.11.2024 തീയതിയിലെ 542/ജി.3/20/ജിസിഡിഎ നമ്പർ കത്ത്
4. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷയിൽ 15.01.2025-ന് ചേർന്ന യോഗം

<u>ഉത്തരവ്</u>

തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള വിശാല കൊച്ചി വികസന അതോറിറ്റിയിൽ നിലവിലെ പ്രവർത്തന സാഹചര്യങ്ങളും സാധ്യതകളും സാമ്പത്തിക സ്ഥിതിയും കണക്കിലെടുത്ത് മുന്നോട്ടുള്ള സുഗമമായ പ്രവർത്തനത്തിന് സഹായമാകുന്ന രീതിയിൽ ശാസ്ത്രീയമായി മാനവവിഭവ ശേഷിയെ വിന്യസിക്കേണ്ടത് അത്യാവശ്യമായതിനാൽ അതോറിറ്റിയിൽ അടിയന്തിരമായി പ്രവർത്തി പഠനവും ജോബ് ഇവാല്യുവേഷനും നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ജിസിഡിഎ സെക്രട്ടറി പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

(2) ജിസിഡിഎ സെക്രട്ടറിയുടെ അഭ്യർത്ഥനയെത്തുടർന്ന് സർക്കാർ, അതോറിറ്റിയിൽ പ്രവർത്തി പഠനം നടത്തുകയും പ്രവർത്തി പഠന റിപ്പോർട്ട് അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ടിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി സർക്കാരിലേക്ക് ശിപാർശ ലഭ്യമാക്കാൻ പരാമർശം (2) പ്രകാരം അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു.

(3) വിശാല കൊച്ചി വികസന അതോറിറ്റിയിൽ പ്രവർത്തി പഠനം നടത്തിയപ്പോഴുള്ള സാഹചര്യമല്ല നിലവിലുള്ളതെന്നും ആയതിനാൽ പ്രവർത്തി പഠന റിപ്പോർട്ടിലെ ശിപാർശകൾ നടത്തുന്നത് ബുദ്ധിമുട്ടേറിയതാണെന്നും അതോറിറ്റി എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം ജിസിഡിഎ സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽവിശാല കൊച്ചി വികസന അതോറിറ്റിയിൽ നടത്തിയ പ്രവർത്തി പഠന റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട വിഷയം പഠിച്ച് സർക്കാരിലേക്ക് പുതിയൊരു റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പരാമർശം (4) യോഗത്തിൽ തീരുമാനിച്ചത് പ്രകാരം ചുവടെ പരാമർശിക്കുന്ന അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

<u>കമ്മിറ്റി അംഗങ്ങൾ</u>

1. സ്പെഷ്യൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
2. ചീഫ് ടൗൺ പ്ലാനർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3. നഗരകാര്യ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
4. ജോയിന്റ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്
5. സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി
ചീഫ് ടൗൺ പ്ലാനർ, തദ്ദേശ സ്വയംഭരണ വകുപ്പ്
നഗരകാര്യ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര-പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (E- 1272287)

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
Date: 25-03-2025 13:33:18
സെക്ഷൻ ഓഫീസർ

(പകർപ്പ്- 1. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ-ക്ക്
2. തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ-ക്ക്)